"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. സെയ്ദലവി. പി (സെക്രട്ടറി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്)-യുടെ കുടുംബശ്രീ പാലക്കാട് ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.867/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 15/04/2021

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി) നം.580/2013/ധന

3 08.12.2016-ലെ സ.ഉ(സാധാ) നം.3355/2016/തസ്വഭവ

4 17.11.2017-ലെ സ.ഉ(സാധാ) നം.3704/2017/തസ്വഭവ

5 02/12/2019-ലെ സ.ഉ(സാധാ) നം.2735/2019/തസ്വഭവ

6 24.11.2020-ലെ സ.ഉ(സാധാ) നം.2215/2020/തസ്വഭവ

7 കുടുംബശ്രീ ഡയറക്ടറുടെ 05.03.2021-ലെ 1583/ഇ1/2016/കെ. എസ്. എച്ച്. ഒ നമ്പർ കത്ത്.

<u>ഉത്തരവ്</u>

പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയ ശ്രീ. സെയ്ദലവി.പി-യെ പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം കുടുംബശ്രീ പാലക്കാട് ജില്ലാ മിഷൻ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിക്കുകയും പരാമർശം (4) പ്രകാരം ടിയാളെ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി 09.01.2017 മുൻകാല പ്രാബല്യം നൽകി ഉത്തരവാകുകയും ചെയ്തിരുന്നു. പരാമർശം (5), (6) ഉത്തരവുകൾ പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 27.01.2020 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 27.01.2020-ന് അവസാനിച്ച സാഹചര്യത്തിൽ 28.01.2020 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (7) ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.സെയ്ദലവി.പി-യുടെ കുടുംബശ്രീ പാലക്കാട് ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം 140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 28.01.2020 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ. സെയ്ദലവി. പി(പഞ്ചായത്ത് ഡയറക്ടർ മുഖേന)

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(ഇ&ആർ.എസ്.എ/ജി& എസ്.എസ്.എ) കേരള,
തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ